തീർക്കുന്നതിനാണ് വിനിയോഗിക്കുന്നത്. കൂടാതെ കുടിശ്ശിക തീർക്കുന്നത് ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഒന്നാമത് ഉപധനാഭ്യർത്ഥനയിൽ 160 കോടി രൂപ ഈ ആവശ്യത്തിന് വകയിരുത്തിയിട്ടുണ്ട്.

15 (303) നികുതി പിരിവ് ഊർജ്ജിതമാക്കാനും നികുതി വെട്ടിപ്പ് തടയാനും നടപടി

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. ആന്റണി രാജു :

ഡോ. കെ.സി. ജോസഫ് :

ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിൽപ്പന നികുതി, കാർഷികാദായ നികുതി എന്നിവയുടെ പിരിവ് ഈ സാമ്പത്തിക വർഷം മുൻ വർഷത്തെക്കാൾ കുറവായിരുന്നുവോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലയിലാണ് ഈ കുറവ് അനുഭവപ്പെട്ടത്;

(സി) ഇപ്രകാരം നികുതി പിരിവിൽ കുറവുണ്ടാകാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ഇപ്രകാരമുള്ള കുറവു തടയുന്നതിന് എന്തു നടപടി സ്വീകരിച്ചു;

(ഇ) നികുതി പിരിവ് ഊർജ്ജിതമാക്കുവാനും നികുതി തട്ടിപ്പ് തടയുവാനും കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പിരിവ് മുൻവർഷത്തെക്കാൾ കൂടുതലായിരുന്നു. 30.11.1999 വരെ വിൽപ്പന നികുതിയിനത്തിൽ 2090.36 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 6.25 കോടി രൂപയും പിരിഞ്ഞുകിട്ടിയിട്ടുണ്ട്. കഴിഞ്ഞ വർഷം (30.11.1998) ഇത് യഥാക്രമം 1853.30 കോടി രൂപയും 3.34 കോടി രൂപയും ആയിരുന്നു.

(ബി)(സി)&(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

16 (304) ഏകീകൃത വിൽപ്പന നികുതി സമ്പ്രദായം

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യമൊട്ടാകെ ഏകീകൃത വിൽപ്പന നികുതി സമ്പ്രദായം ഏർപ്പെടുത്താനുള്ള കേന്ദ്രഗവൺമെന്റ് പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും ഇത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ എപ്രകാരം ബാധിക്കുമെന്നും വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly